**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1412** **31.10.2019-ലെ മറുപടിക്ക്**

**'സ്ഥലം കൈമാറ്റം ചെയ്യുവാൻ സാധിക്കാത്തത്' സംബന്ധിച്ച്.**

**ചോദ്യം**
**ശ്രീ.പി.സി.ജോർജ്**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കോട്ടയം ജില്ലയിലെ ചില സ്ഥലങ്ങളിൽ തോട്ടം എന്ന് രേഖപെടുത്തിയിരിക്കുന്നതിനാൽ സ്ഥലം കൈമാറ്റം ചെയ്യുവാനോ വിൽക്കുവാനോ സാധിക്കാത്ത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടി കൾ സ്വീകരിച്ചുവരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഉണ്ട്.<br><br>കോട്ടയം ജില്ലയിലെ മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളിലെ ഏതാനും വില്ലേജുകളിലെ റീ സർവ്വേ റിക്കാർഡുകളിൽ 'തോട്ടം' എന്ന് രേഖപെടുത്തിയ ഭൂമി, കേരള ഭൂപരിഷ്കരണ നിയമം, 1963, സെക്ഷൻ 81 പ്രകാരം ഇളവ് അനുവദിച്ചിട്ടുള്ള തോട്ടഭൂമിയാണോ എന്ന് പരിശോധിക്കുന്നതിനു വേണ്ടി മീനച്ചിൽ. കാഞ്ഞിരപ്പളി താലൂക്ക് ലാൻഡ് ബോർഡിലെ തീർപ്പാക്കിയിട്ടുള്ള മിച്ചഭൂമി കേസ് ഫയലുകൾ പരിശോധിച്ച് ഇളവ് അനുവദിച്ച തോട്ട ഭൂമിയുടെ ഒരു ഡേറ്റാബാങ്ക് താലൂക്ക് ലാൻഡ് ബോർഡ് തയ്യാറാക്കിയിട്ടുള്ളതാണ്. ആയത് മീനച്ചിൽ. കാഞ്ഞിരപ്പള്ളി തഹസിൽദാർമാർക്ക് നടപടിയ്ക്കായി കൈമാറിയിട്ടുള്ളതും ഇനംമാറ്റം സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.<br><br>ടി വിഷയത്തിൽ സെറ്റിൽമെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ റീ സർവ്വേ റിക്കാർഡുകളിൽ തോട്ടം ഇനത്തിൽപ്പെട്ടുവരുന്ന ഭൂമി റീസർവ്വെ പിശകാണെങ്കിൽ ആയത് പരിഹരിച്ച് നൽകുന്നതിന് തഹസിൽദാർ (ഭൂരേഖ)യ്ക്ക് പൂർണ്ണ അധികാരമുള്ളതും ആയത് പരിശോധിച്ച് പരിഹരിച്ച് നൽകുന്നതിന് സർക്കാർ ഉത്തരവ് (കൈ.) നമ്പർ 303/2017 തീയതി 26/08/2017 പ്രകാരം ജില്ലയിലെ ഭൂരേഖ തഹസിൽദാർമാർക്ക് നിർദ്ദേശം നൽകിയി ട്ടുള്ളതും, ആയതിൻ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ടി വിഷയത്തിൽ മീനച്ചിൽ താലൂക്കിൽ റീ സർവ്വെ പിശകായി കണ്ടെത്തിയ ഇത്തരത്തിലുള്ള 1800 അപേക്ഷകളും കാഞ്ഞിരപ്പളി താലൂക്കിലെ 104 അപേക്ഷകളും തീർപ്പാക്കിയിട്ടുള്ളതാണ്. ബാക്കി യുള്ള അപേക്ഷകളിൽ പരിശോധന നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഒരു യോഗം വിളിച്ച് പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ? | (ബി) | യോഗം കൂട്ടുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**